## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 117

04.12.2014 -ൽ മറുപടിയ്ക്ക്

### കച്ചവടസ്ഥാപനങ്ങളിലും ഹോട്ടലുകളിലും വിലവിവരപട്ടിക.

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. സി. എഫ്. തോമസ്
ശ്രീ. റ്റി. യു. കുരുവിള

**ഉത്തരം**

ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും പൊതുവിതരണവും
ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനും ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്നും വിമുക്തരാക്കുന്നതിനും വേണ്ടി എല്ലാ കച്ചവട സ്ഥാപനങ്ങളും, ഹോട്ടലുകളും വിലവിവര പട്ടിക പ്രദർശിപ്പിക്കണമെന്ന് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; | (എ) | വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനും ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്നും വിമുക്തരാക്കുന്നതിനും വേണ്ടി എല്ലാ കച്ചവട സ്ഥാപനങ്ങളിലും ഹോട്ടലുകളിലും വിലനിലവാര പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കാത്ത ഹോട്ടലുടമകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് 26.08.2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 273/2013/ഭ.പൊ.വി.വ. പ്രകാരം ജില്ലാ സംസ്ഥാനതലങ്ങളിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില വിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 – ലെ Kerala Food Stuffs (Display of price by catering Establishment) Order, 1977 – ലെയും 1980- ലെയും Kerala Essential Commodities ( Maintenance of Accounts and Display of Prices and Stocks) Order പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | വിലവിവര പട്ടിക സ്ഥാപിക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കെതിരെ പ്രസ്തുത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) | വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും സാധനങ്ങൾ പിടിച്ചെടുക്കുകയും എസ്സൻഷ്യൽ കമ്മോഡിറ്റീസ് നിയമം പ്രകാരം നടപടികൾ സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.